(ഡി) ഈ റോഡ് കടന്നുപോകുന്ന വനഭൂമി വിട്ടുതരണമെന്ന് കേരള സർക്കാർ അവസാനമായി ആവശ്യപ്പെട്ടത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡിന്റെ കി.മീ. 0 മുതൽ 2/250 വരെ ഭാഗത്തിന്റെയും കി.മീ.21/000 മുതൽ 27/225 വരെ ഭാഗത്തിന്റെയും ടാറിംഗ് പണി കഴിഞ്ഞിട്ടുണ്ട്. ഇതിനിടയിൽ വരുന്ന വാരംവറ്റ പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നു. കി.മീ. 2/250 മുതൽ 3/210 വരെയും 20 മുതൽ 21/00 വരെയുള്ള ഭാഗത്തിന്റെയും പണിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കി.മീ. 3/210 മുതൽ 20/00 വരെയുള്ള ഭാഗം വനംവകുപ്പിന്റെ കീഴിലായതിനാൽ ആ വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്.

(ബി-ഡി) വനഭൂമിയിലൂടെയുള്ള റോഡു നിർമ്മാണത്തിന് 1994 ഫെബ്രുവരിയിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി എഴുതിയിരുന്നെങ്കിലും ഇക്കാര്യത്തിൽ അനുമതി ലഭിച്ചിട്ടില്ല.

നിലമ്പൂർ-നായാടം പൊയിൽ റോഡ്

73 (1383) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ-നായാടംപൊയിൽ റോഡ് ടെണ്ടർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റോഡിലെ ചുരക്കണ്ടിയിൽ കുറുമം പുഴയ്ക്ക് ഒരു പാലത്തിനുള്ള പ്രൊവിഷൻ ഇല്ലാത്തതുകൊണ്ട് റോഡിന്റെ പൂർണ്ണമായ പ്രയോജനം ലഭിക്കില്ല എന്നത് പരിഗണിച്ച് ഒരു പാലത്തിനുള്ള പ്രൊവിഷൻ കൂടി ഇതിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലം പണിയുന്നതിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മേപ്പാടി-നിലമ്പൂർ-റോഡ് ഗവൺമെന്റ് ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടി

74 (1384) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേപ്പാടി-നിലമ്പൂർ-റോഡ് ഗവൺമെന്റ് ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വനം വകുപ്പുമന്ത്രിമാരും ബന്ധപ്പെട്ട എം.എൽ.എ.മാരും ഉദ്യോഗസ്ഥൻമാരും അടങ്ങിയ യോഗം തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ റോഡ് ഏറ്റെടുക്കുന്നതിന് നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly